(19) പരപ്പനങ്ങാടി സ്വദേശി സിദ്ദീഖിനെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, സഹോദരിയും ഭർത്താവും വാഹനപകടത്തിൽപ്പെട്ടുവെന്ന് അറിഞ്ഞ് അന്വേഷിക്കുവാൻ നല്ലളം പോലീസ് സ്റ്റേഷനിൽ എത്തിയ പരപ്പനങ്ങാടി സ്വദേശി ശ്രീ. സിദ്ദീഖിനെ പോലീസ് ക്രൂരമായി മർദ്ദിച്ചു. ഇത് അത്യന്തം നിന്ദ്യവും പൈശാചികവുമായ നടപടിയാണ്. ഇതിനെക്കുറിച്ച് അന്വേഷിച്ച് പോലീസുകാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകം അന്വേഷിക്കുന്നതാണ്.

(20) കേരളത്തിൽ ഒരു ഏകീകൃത സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സ്റ്റേറ്റ് സിവിൽ സർവ്വീസ് നിലവിലുള്ള സംസ്ഥാനങ്ങളിലെ ജീവനക്കാർക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുമെന്ന് ചില പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ അനുഭവവും അതാണ്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു ഏകീകൃത സിവിൽ സർവ്വീസ് രൂപകൽപ്പന ചെയ്ത് നടപ്പാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഭരണനവീകരണത്തിന്റെ ഭാഗമായി ഏകീകൃത സിവിൽ സർവ്വീസ് രൂപകല്പന ചെയ്യുന്ന കാര്യം ലക്ഷ്യമിട്ടിട്ടുണ്ട്. സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തതിനുശേഷമേ ഇത് സംബന്ധിച്ച് തീരുമാനം എടുക്കുകയുള്ളൂ.

(21) പി.എസ്.സി. റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഗസറ്റിലൂടെ മാത്രമേ പ്രസിദ്ധീകരിക്കുന്നുള്ളൂ. അതുകൊണ്ട് എത്ര നിയമനം നടത്തിയെന്നോ, സംവരണം പാലിച്ചിട്ടുണ്ടോയെന്നോ മനസ്സിലാക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ലാത്ത സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് സുതാര്യമായി എത്ര നിയമനം നടത്തിയെന്ന് മനസ്സിലാക്കാനും ബാക്കി കാര്യങ്ങൾ ഫോളോ അപ് ചെയ്യാനും വേണ്ടി അത് വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പി.എസ്.സി. റാങ്ക്‌ലിസ്റ്റ് വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(22) മണ്ണാർക്കാട് താലൂക്കിലെ ഗവൺമെന്റ് വക സ്ഥലം അനധികൃതമായി കയ്യേറി എന്ന വാർത്ത

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നീലഗിരി ബയോസ്പിയർ മേഖലയിൽ, എന്റെ നിയോജകമണ്ഡലത്തിലെ പുത്തൂരി പഞ്ചായത്തിലെ മുള്ളിയിലും കിണ്ണക്കരയിലും അതുപോലെ ഷോളയാർ പഞ്ചായത്തിലെ കോയമ്പത്തൂർ ജില്ലയുടെ സമീപത്തുള്ള ആനകട്ടി, വെച്ചപ്പതി, മൂലഗംഗൽ എന്നീ സ്ഥലങ്ങളിലും തമിഴ്നാട്ടുകാർ കേരളത്തിന്റെ സ്ഥലം കയ്യേറിയതായി റിപ്പോർട്ട് വന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പുത്തൂർ വില്ലേജിലെ മേലേമുള്ളി എന്ന സ്ഥലം അട്ടപ്പാടി ബ്ലോക്കിലാണ്. അവിടെ വാട്ടർ അതോറിറ്റിയുടെ ഒരു ടാങ്ക് നിർമ്മിക്കുന്നത് തമിഴ്നാട് ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഷോളയാർ പഞ്ചായത്തിലെ ആനകട്ടിയിൽ 'കേരള സംസ്ഥാന അതിർത്തി' എന്ന് ആലേഖനം ചെയ്യപ്പെട്ട കോൺക്രീറ്റ് ബോർഡ് അടുത്തകാലത്തായി നീക്കം ചെയ്തതായി കാണുന്നു. ഇങ്ങനെയുള്ള എൻക്രോച്ച്മെന്റ് ഗവൺമെന്റ് ഗൗരവത്തോടെ കാണുന്നു, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(23) ആലപ്പുഴ നഗരത്തിലെ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവർത്തനം

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ആലപ്പുഴ നഗരത്തിന്റെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഹഡ്ക്കോ സ്കീമിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. മുഖ്യമന്ത്രിയും അങ്ങും വന്ന് ഉദ്ഘാടനം ചെയ്ത ഒരു സ്കീമാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കണം. ടെണ്ടർ വിളിച്ച് ഒരു കൊല്ലം കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ഇത് അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള സംവിധാനം ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടുത്തുമോ?

2/198/2013—29a.

LIBRARY ARCHIVES Kerala Legislative Assembly